Urgent.

# മഹാത്മാഗാന്ധി സർവ്വകലാശാല

നം. ജൈവം/628/2018

2018 ഒക്ടോബർ 4

## പരിപത്രം

വിഷയം: അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പൂർണമായും ജൈവരീതിയിൽ കൃഷി ചെയ്ത് വിളവെടുത്ത ഔഷധഗുണമുള്ള നെല്ലിനങ്ങൾ കുത്തരിയാക്കി സർവ്വകലാശാലാ ജീവനക്കാർക്ക് വില്ക്കുന്നത് സംബന്ധിച്ച്-

സർവ്വകലാശാലയുടെ അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വൈക്കം വല്ലകത്തെ വയലിൽ കൃഷിചെയ്ത് വിളവെടുത്ത കുഞ്ഞുകുഞ്ഞ്, രക്തശാലി എന്നീ നെല്ലിനങ്ങൾ കുത്തരിയാക്കി വില്പനക്ക് തയ്യാറാക്കിയിട്ടുണ്ട്. ഇവ രണ്ടും പരമ്പരാഗതമായ നാടൻ നെല്ലിനങ്ങളാണ്. നീണ്ട കാലത്തെ കാർഷിക സംസ്കൃതിയുടെ ഈടു വയ്പുകളായ ഈ നാടൻ നെല്ലിനങ്ങൾ ഔഷധമേന്മയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതും ആരോഗ്യരക്ഷയ്ക്ക് ഉതകുന്നതുമാണ്.

രക്തശാലി അത്യപൂർവ്വമായി മാത്രം കൃഷി ചെയ്യുന്ന നെല്ലിനമാണ്. രക്തശുദ്ധിക്കും ത്രിദോഷങ്ങൾ അകറ്റാനും യൗവ്വനം നിലനിർത്താനും രക്തശാലി ഉത്തമമാണെന്ന് കരുതപ്പെടുന്നു. പ്രമേഹം തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ഇത് ഉതകുമെന്ന് കരുതപ്പെടുന്നു.

പൂർണമായും വിശ്വസനീയമായി ജൈവകൃഷിരീതി പിന്തുടർന്നാണ് ഇവ വിളവെടുത്തത്. മനുഷ്യാരോഗ്യത്തിനും പ്രകൃതിയ്ക്കും അനുഗുണമായ കൃഷിരീതികൾ പാലിച്ച് വിളവെടുത്ത ഈ നെല്ലിനങ്ങളെ ആരോഗ്യത്തിന്റെ സമഗ്രതയിൽ കാണണം.

മുകളിൽ സൂചിപ്പിച്ച രണ്ടിനങ്ങളിലുമുള്ള കുത്തരി സർവ്വകലാശാലാ ജീവനക്കാർക്ക് 2018 ഒക്ടോബർ 9 (ചൊവ്വാഴ്ച) മുതൽ അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ഓഫീസിൽ നിന്ന് വാങ്ങാവുന്നതാണ്.

വില: കുഞ്ഞുകുഞ്ഞ്- Rs 100/Kg , രക്തശാലി- Rs 125/Kg

To all mails and website

ഓണററി ഡയറക്ടർ
അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി കേന്ദ്രം